ധനകാര്യമന്ത്രി : (ശ്രീ. സി. അച്യുതമേനോൻ) :

(എ) ഒന്നുംതന്നെ നൽകിയിട്ടില്ല.

(ബി) ഒന്നും നൽകിയിട്ടില്ല.

ശ്രീ. എൻ. ഇ. ബലറാം : എന്തുകൊണ്ടാണ് ഇത് സൊസൈറ്റികൾക്ക് കടം കൊടുക്കാത്തത്?

ശ്രീ. സി. അച്യുതമേനോൻ : അതിനുള്ള രൂപരേഖ ഉണ്ടാക്കാത്തതുകൊണ്ടാണ്; മാർച്ച് 17-നാണ് ഇത് ഫൈനലൈസ് ചെയ്തത്. അതിനു ശേഷം എല്ലാ സൊസൈറ്റികളിലും നിന്നു വന്നിട്ടുള്ള അപേക്ഷകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. ഇ. ബലറാം : അങ്ങനെയെത്ര സൊസൈറ്റികളുണ്ട്?

ശ്രീ. സി. അച്യുതമേനോൻ : 59.

പ്രൈമറി ഹെൽത്ത് സെന്ററുകൾ.

* 1697. [13] ശ്രീ. എൻ. ശിവൻ പിള്ള : താഴെ കാണുന്ന ചോദ്യം അക്കം ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര പ്രൈമറി ഹെൽത്ത്സെന്ററുകൾ ഉണ്ട്, എവിടെയെല്ലാം ;

(ബി) ഡിസ്ട്രിക്ട് ഡവലപ്പ്മെന്റ് കമ്മിറ്റിയുടെ ശുപാർശ അനുസരിച്ചാണോ ഹെൽത്ത് സെന്റർ സ്ഥാപിക്കുന്നത് ;

(സി) എറണാകുളം ഡിസ്ട്രിക്ട് ഡവലപ്പ്മെന്റ് കമ്മിറ്റി വരാപ്പുഴയിൽ ഒരു ഹെൽത്ത് സെന്റർ സ്ഥാപിക്കുന്നതിനു ശുപാർശ ചെയ്തിട്ടുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി : (ഡാക്ടർ. ഏ. ആർ. മേനോൻ)

(എ) 67. അവയുടെ †ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(ബി) അതേ.

(സി) ഇല്ല.

ശ്രീ. എൻ. ശിവൻ പിള്ള : വരാപ്പുഴയിൽ ഒരു ഹെൽത്ത് സെന്റർ അനുവദിക്കുകയാണെങ്കിൽ അതിനു് ആവശ്യമുള്ള സ്ഥലവും 15,000 രൂപയും ഗവണ്മെന്റിലേക്കു് നൽകിക്കൊള്ളാമെന്നു അവിടത്തെ പഞ്ചായത്ത് കമ്മിറ്റി ഗവണ്മെന്റിലേക്കു് അയച്ചിട്ടുള്ള നിവേദനം ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ?

ഡാക്ടർ ഏ. ആർ. മേനോൻ : ഇപ്പോൾ പറയാൻ സാധിക്കുകയില്ല. ഉണ്ടായിരിക്കാം.

'ദി സ്റ്റേറ്റ് അസ്സിറേഷൻ ഇൻ കേരള' എന്ന ലഘുഗ്രന്ഥം.

* 1698. [14] ശ്രീ. കെ. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യം അക്കം പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ''ദി സ്റ്റേറ്റ് അസ്സിറേഷൻ ഇൻ കേരള'' എന്ന ലഘുഗ്രന്ഥത്തിന്റെ എത്ര പ്രതികൾ അടിച്ചിട്ടുണ്ട് ;

(ബി) അതു് ഡെൽഹിയിലെ ന്യൂ ഏജ് പ്രിന്റിംഗ് പ്രസ്സിൽ അച്ചടിപ്പിക്കുവാൻ കാരണമെന്തു് ; അച്ചടിക്കുന്നതിനു് എത്ര് ചെലവായി ;

† Please see Appendix I

LIBRARY ARCHIVES Kerala Legislative Assembly

(സി) ന്യൂ ഏജ് പത്രികയ്ക്കു പരസ്യങ്ങളിലിയിനത്തിൽ കേരള ഗവണ്മെൻറ് ഇതുവരെ എത്ര സംഖ്യ കൊടുത്തിട്ടുണ്ട് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്) :

(എ) പതിനായിരം പ്രതികൾ.

(ബി) ന്യൂ ഏജ് പ്രിൻറിംഗ് പ്രസ്സിൽ അച്ചടിക്കാൻ സൗകര്യമുള്ളതുകൊണ്ട് അവിടെ ഏൽപ്പിച്ചു. അതിൻറെ ബിൽ വന്നിട്ടില്ല.

(സി) 1958, 1959, 1960 -വരെ 935 രൂപ.

ശ്രീ. കെ. സി. ഏബ്രഹാം : കേരളത്തിൽ പതിനായിരം കാപ്പി അച്ചടിക്കാനുള്ള പ്രസ്സ് ഇല്ലാത്തതുകൊണ്ടാണോ ഡൽഹിയിൽ കൊണ്ടുപോയി അച്ചടിപ്പിച്ചത് ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : ഡെൽഹിയിൽ ഞാൻ നടത്തിയ പ്രസ് കാൺഫറൻസിൽ വിതരണം ചെയ്യുന്നതിനു വേണ്ടിയുള്ള ഒരു ലഘുലേഖയാണ്. അതു ഞാൻ ഡെൽഹിയിൽ എത്തിയതിൽപിന്നെയാണ് ടൈപ്പടൈസ് ചെയ്തു കാപ്പിതന്നെ തയാറാക്കിയിട്ടുള്ളതു്. അതുകൊണ്ട് ഡൽഹിയിൽ അച്ചടിച്ചു.

ശ്രീ. കെ. എം. ജോർജ്ജ് : ഗവണ്മെൻറിൻറെ വക പ്രസ്സിൽ അച്ചടിച്ച് മുഖ്യമന്ത്രി കൊണ്ടു പോകുകയാണോ ചെയ്തതു് ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : ഞാൻ പറയുന്നതു വിശ്വസിക്കുകയില്ല എന്നുവച്ചാൽ എന്താണു ചെയ്യുന്നതു് ? അവിടെ ഞാൻ എത്തിയതിൽ നിന്നിടാണ് കാപ്പികൾ ഫൈനലാക്കിയതു്. അതുകൊണ്ടാണ് അവിടത്തെ പ്രസ്സിൽത്തന്നെ അച്ചടിപ്പിച്ചതു്. ഇവിടെ അച്ചടിച്ച് ഞാൻ കൊണ്ടുപോയില്ല. അവിടെ ചെന്നിട്ടാണ് അച്ചടിച്ചതു്.

ശ്രീ. സി. എ. മാത്യു : പ്രസ് കാൺഫറൻസിൽ വിതരണം ചെയ്യാൻ ഇത്ര പതിനായിരം കാപ്പി മതിയോ ; അതു ഇനിയും അച്ചടിപ്പിക്കേണ്ടതായിട്ടുണ്ടോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : അതിനു് ഞാൻ മറുപടി പറയാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ : പ്രസ് കാൺഫറൻസിൽ വിതരണം ചെയ്യുന്നതിനു് മാത്രമാണോ, അതോ പാർലമെൻറംഗങ്ങൾക്കും മറ്റും വിതരണം ചെയ്യുന്നതിനാണോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : അവിടെ പല ആളുകൾക്കും കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. കെ. വിശ്വനാഥൻ : പ്രസ് കാൺഫറൻസ് നടത്തിക്കഴിഞ്ഞു ഇവിടെവന്നു് പ്രിൻറു ചെയ്യുന്നതിനു് എന്താണു് വിരോധം. ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : ആൾ ഇൻഡ്യാ ലെവലിലുള്ള പ്രചരണത്തിനു് ഒരു എഫക്ടീവായിട്ടുള്ള മാർഗ്ഗം അതായതുകൊണ്ടു തന്നെ അങ്ങനെ ചെയ്തതാണ്.

ശ്രീ. കെ. കെ. വിശ്വനാഥൻ : ആൾ ഇൻഡ്യാ ലെവലിൽ പബ്ലിസിറ്റി കൊടുക്കുവേണ്ടി ഡൽഹിയിൽ വച്ചുതന്നെ പ്രിൻറു ചെയ്യണം എന്നുള്ളതുകൊണ്ടാണെന്നു പറഞ്ഞു. അതു് ഇവിടെ വച്ചു് പ്രിൻറു ചെയ്താൽ പബ്ലിസിറ്റി ആകുകയില്ലേ. ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.എം.എസ്സ്. നമ്പൂതിരിപ്പാട്: ഞാൻ പറഞ്ഞല്ലോ അതു വിടെ ചെന്നതിനു ശേഷമാണു ഫൈനലൈസു ചെയ്തതു് എന്നു്. ഞാൻ അവിടെ ചെന്നിട്ടു് ഏതാണ്ടു മണിക്കൂറുകഴിഞ്ഞു തന്നെ അതു് പ്രിൻറു ചെയ്തു.

ശ്രീ. കെ.എം. ജാഫ്ഫു്: പ്രസ്കാൺഫറൻസു് നടത്തുന്നതിനു് മുൻപു് ഇൻഫർമേഷൻ വകുപ്പുമന്ത്രി ഇവിടെ അതു പ്രസ്റിലീസായി പ്രസിദ്ധപ്പെടുത്തുകയുണ്ടായോ ?

ശ്രീ. ഇ.എം.എസ്സ്. നമ്പൂതിരിപ്പാടു്: ഞാൻ അവിടെ ചെന്നിട്ടു ഫൈനലൈസു ചെയ്തു കറക്ഷനു കൊടുത്തു. ഫൈനലൈസു ചെയ്തു കൊടുത്തുകഴിഞ്ഞിട്ടു ഞാൻ ഫോണിൽ വിളിച്ചു് പറഞ്ഞതിനുശേഷം പ്രസ്റിലീസു് കൊടുത്തിട്ടുണ്ടു്.

ശ്രീ. കെ.കെ. വിശ്വനാഥൻ: അപ്പോൾ ഇതിനെപ്പറ്റി ഇ.എം.എസ്സ്. മന്ത്രിസഭയുടെ ആലോചനമാത്രം കഴിഞ്ഞു പുറത്തുള്ളവരുടെ അഭിപ്രായങ്ങൾ കൂടി ആരാഞ്ഞു അറിഞ്ഞതിനുശേഷം ഫൈനലാക്കാമെന്നു വിചാരിച്ചതല്ലേ ?

ശ്രീ. ഇ.എം.എസ്സ്. നമ്പൂതിരിപ്പാടു്: ഇൻഡ്യയിലെ 13 സ്റ്റേറുകളിലും പുറത്തുള്ളവരുമായി ആലോചനകൾ നടത്തി കാര്യങ്ങൾ തീരുമാനിക്കാറുണ്ടു്.

ശ്രീ. കെ.കെ. വിശ്വനാഥൻ: ഗവണ്മെൻറു വിതരണം ചെയ്യുന്ന ഒരു പ്രസിദ്ധീകരണമാകുമ്പോൾ പുറത്തുള്ള ആളുകളുമായി ആലോചിക്കേണ്ട കാരണമെന്താണു് ?

ശ്രീ. ഇ.എം.എസ്സ്. നമ്പൂതിരിപ്പാടു്: അങ്ങനെ ആലോചിക്കുന്ന പതിവു് മറ്റുള്ള 13 സ്റ്റേറുകളും തുടർന്നു നടത്തിക്കൊണ്ടുവരുമ്പോൾ അതിലാക്ഷേപകരമായി ഒന്നുമില്ല; അല്ലേ ?

ശ്രീ. കെ.എം. ജാർജ്ജു്: ഡെൽഹിയിൽ നാലുമണിക്കു് പ്രസ്കാൺഫറൻസു് നടത്തിയപ്പോൾ പത്തുമണിക്കു ഇവിടെ പ്രസ്റിലീസു് പുറപ്പെടുവിച്ചതായി അറിയാമോ ?

ശ്രീ. ഇ.എം.എസ്സ്. നമ്പൂതിരിപ്പാടു്: പ്രസ്കാൺഫറൻസു് നടത്തിയതു് നാലുമണിക്കല്ല; രാവിലെ എട്ടുകാൽ മണിക്കാണു്.

സാഹിത്യകാരന്മാർക്കു നൽകുന്ന സഹായധനം.

*1699. [15] ശ്രീ. പി.ആർ. ഫ്രാൻസിസു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെൻറു് ഏതെങ്കിലും സാഹിത്യകാരന്മാർക്കു് സഹായധനം നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതെത്രയാണു്; എന്തെല്ലാം സന്ദർഭങ്ങളിൽ നൽകുന്നു;

(സി) മരിച്ച ഏതെങ്കിലും സാഹിത്യകാരന്മാരുടെ ആശ്രിതർക്കു് സഹായങ്ങൾ നൽകുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതു്; എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly